# കേരള സർവകലാശാല

നം. പി.ആർ.040/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ഡി.എസ് ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ രണ്ടാം ബി.ഡി.എസ് (അഡീഷണൽ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

### പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം സർവകലാശാല സെനറ്റ് ചേംബറിൽ മാർച്ച് 30 രാവിലെ 11 മണിക്കും പ്രൊഫഷണൽ കോളേജുകളുടെ പ്രിൻസപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം അന്നേ ദിവസം ഉച്ചയ്ക്ക് 2.30-നും നടത്തും. എല്ലാ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരും യോഗത്തിൽ പങ്കെടുക്കണം.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### യോഗ തെറാപ്പി ക്ലാസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന്റെ പുതിയ ബാച്ച് ക്ലാസുകൾ മാർച്ച് 30 രാവിലെ ഏഴ് മണിക്ക് പി.എം.ജി തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഓഫിസിൽ തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ 0471-2302523.

### ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ് ക്ലാസ് മാർച്ച് 31-ന് തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ 0471-2302523.

### എം.എസ്സി കമ്പ്യൂട്ടർ സയൻസ് വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നാലാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് (2013 അഡ്മിഷൻ) വൈവ തിരുവനന്തപുരം പാളയം എസ്.ഡി.ഇ, കൊല്ലം എഫ്.എം.എൻ കോളേജ്, ആലപ്പുഴ യു.ഐ.ടി, കോഴിക്കോട് കെൽട്രോൺ ഐ.ടി സെന്റർ എന്നിവിടങ്ങളിൽ ഏപ്രിൽ നാല് മുതൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈൻ വഴി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## എം.എ സംസ്കൃതം ക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം വർഷ എം.എ സംസ്കൃതം ക്ലാസുകൾ ഏപ്രിൽ രണ്ട് മുതൽ എല്ലാ ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം കാമ്പസിൽ രാവിലെ 9.30 മുതൽ നാല് മണിവരെ നടത്തും.

## മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാല പി.ജി/യു.ജി/ബി.ടെക്/എം.എഡ് (2014–15) യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിനും എം.ഫിൽ (2015–16) യൂണിവേഴ്സിറ്റി സ്കോളർഷിപ്പിനും അർഹരായവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും. അവാർഡ് തുക മാർച്ച് 31–നകം കൈപ്പറ്റണം.

## ഐ.യു.സി.എ.ഇ ഉദ്ഘാടനവും അന്താരാഷ്ട്ര കോൺഫറൻസും

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിന്റെ ഉദ്ഘാടനവും അന്താരാഷ്ട്ര കോൺഫറൻസും ഏപ്രിൽ നാല് മുതൽ ആറ് വരെ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ചേംബറിൽ നടത്തും. പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ പ്രൊഫ. എം.എ ഉമ്മൻ ഉദ്ഘാടനവും പ്രൊഫ. പ്രഭാത് പട്നായിക് മുഖ്യപ്രഭാഷണവും നടത്തും. പ്രൊഫ. എ.വി ജോസ്, പ്രൊഫ. പത്മിനി സ്വാമിനാഥൻ, പ്രൊഫ. ഗോതന്റി ഓംകാർനാഥ്, പ്രൊഫ. വെങ്കടേഷ് ആത്രേയ, പ്രൊഫ. ആർ രാമകുമാർ, പ്രൊഫ. സമീർ അമിൻ, പ്രൊഫ. കെ.പി. കണ്ണൻ തുടങ്ങിയവർ പ്രഭാഷണം നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

## എം.ബി.എ പരീക്ഷാകേന്ദ്രം

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് കുളത്തൂർ മൺവിള കോ-ഓപ്പറേറ്റീവ് കോളേജിലെ (സി.ഐ.എം.എ.ടി) വിദ്യാർത്ഥികൾ കരകുളം കക്കോട് ജി. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ പരീക്ഷയെഴുതണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
28.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098